(ബി) എന്നുമുതൽ അവ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഡി.പി.സി. യഥാസമയം കൂടി പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 16 എണ്ണം.

(ബി) 1-12-2013 മുതൽ ഒരു തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(സി) 25-11-2013-ൽ കൂടിയ അസിസ്റ്റന്റ് ഫൈനാൻസ് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ, ഓഫീസർമാരുടെ അനുണ്ടായിരുന്ന 8 ഒഴിവുകളിലേക്ക്, 8 പേരെ മാത്രമേ തിരഞ്ഞെടുക്കാൻ കഴിഞ്ഞുള്ളൂ. അതിൽ ഒരാൾ (ശ്രീമതി വിജയലക്ഷ്മി അമ്മ. റ്റി) 30-11-2013-ൽ സർവ്വീസിൽനിന്നും വിരമിച്ചു. തൊട്ടടുത്ത സീനിയറായ രണ്ടുപേരുടെ പേരിൽ വിജിലൻസ് കേസ് നിലവിലുണ്ടായിരുന്നതിനാൽ കൂടുതൽ പേരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ നിലവിലുള്ള ഒരു ഒഴിവിലേക്കായി സെലക്ട് ലിസ്റ്റ് തയ്യാറാക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

വൈദ്യുതി ബോർഡിന്റെ ചെലവ് കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി

59 (7895) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ചെലവ് കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) മസ്ദൂർ, ലൈൻമാൻ, ഓവർസിയർ തുടങ്ങിയ തസ്തികകളിലെ പ്രൊമോഷനും നിയമനവും കാലതാമസം കൂടാതെ നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) ജോലിക്കിടയിൽ മരണപ്പെടുന്ന ജീവനക്കാർക്കും മറ്റുള്ളവർക്കും നൽകിവരുന്ന നഷ്ടപരിഹാരം കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആർ.എ.പി.ഡി.ആർ.പി., ആർ.ജി.ജി.വി. വൈ. തുടങ്ങിയ വിവിധ പുതിയ വൈദ്യുത ഉൽപ്പാദന-പ്രസരണം-വിതരണ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുകയും മിതമായ വിലയിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും സർക്കാരിൽനിന്നും ലഭിക്കാനുള്ള സബ്സിഡി തുക ലഭ്യമാകുന്നതിനനുസരിച്ചും ചെലവ് കുറയ്ക്കുവാനുമാണ് ബോർഡ് ശ്രമിക്കുന്നത്.

(ബി) മസ്ദൂർ തസ്തികയിലെ നിയമനം ജില്ലാ അടിസ്ഥാനത്തിൽ നടന്നു കൊണ്ടിരിക്കുന്നു. ഒഴിവുകൾ വരുന്ന മുറയ്ക്ക് കാലതാമസം കൂടാതെ ലൈൻമാന്റെയും ഓവർസിയറിന്റെയും പ്രൊമോഷൻ നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ജോലി ചെയ്യുന്നതിനിടെ അപകടമോ അപകട മരണമോ സംഭവിക്കുന്ന ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന് 18-1-2010-ൽ നിലവിൽ വന്ന ഭേദഗതി ഉത്തരവ് അനുസരിച്ച് 30-5-2010 മുതൽ നഷ്ടപരിഹാരം കണക്കാക്കുന്നതിന് മാസവേതനത്തിന്റെ പരിധി 4000 രൂപയിൽനിന്നും 8,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജോലിക്കിടെ അപകട മരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് അവരുടെ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായി 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ നഷ്ടപരിഹാരമായി ലഭിക്കുന്നതിന് അർഹതയുണ്ട്. കൂടാതെ ശവസംസ്കാര ചെലവിനുള്ള തുക 2,500 രൂപയിൽനിന്നും 5,000 രൂപയായി 18-1-2010 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇതിലുപരിയായി ജോലിക്കിടെ അപകടമോ അപകട മരണമോ സംഭവിക്കുന്ന ബോർഡിലെ സ്ഥിരം ജീവനക്കാരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം ലഭിക്കുന്ന ക്ലെയിം തുക 2014 മുതൽ 8 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് നൽകിവരുന്നു.

കൂടാതെ ജോലിയിലിരിക്കെ മരണപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ അനന്തരാവകാശികൾക്ക് വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും അനുവദിക്കുന്ന മരണാനന്തര ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും 2010 മുതൽ 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.